# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T2756 | 09.05.2017-ൽ മറുപടിയ്ക്ക് |
|---|---|

**ക്ഷേമ പെൻഷനുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. കെ. സി. മമ്മത് കോയ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്ഷേമ പെൻഷനുകൾ നൽകുന്നതിന് എത്ര തുക വിനിയോഗിച്ചു? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016 ജൂൺ മാസം മുതൽ 2017 മാർച്ച് മാസം വരെ 4560.73 കോടി രൂപ ക്ഷേമ പെൻഷനുകൾ നൽകുന്നതിന് അനുവദിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിൽ അർഹതപ്പെട്ട എല്ലാവർക്കും ക്ഷേമ പെൻഷൻ നൽകിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; എത്ര ശതമാനം പേർക്ക് പെൻഷൻ നൽകാൻ സാധിച്ചു? | (ബി) | കേരളത്തിലെ അർഹതപ്പെട്ട 3702753 ഗുണഭോക്താക്കൾക്ക് ആണ് പെൻഷൻ വിതരണം ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കളെ സംബന്ധിച്ച വിവരം യഥാസമയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നൽകാത്ത ഗുണഭോക്താക്കൾക്കും, ഗുണഭോക്താക്കളുടെ വിവരശേഖരണത്തിന്റെ ഭാഗമായി സത്യപ്രസ്താവന വിവരങ്ങൾ ലഭ്യമാക്കാത്ത ഗുണഭോക്താക്കൾക്കും, പെൻഷൻ നേരിട്ട് വീടുകളിൽ എത്തിച്ചപ്പോൾ സ്ഥലത്തില്ലാതെ വന്നിട്ടുള്ള ഗുണഭോക്താക്കൾക്കും, ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ കാരണവും പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. 91.24% പേർക്ക് പെൻഷൻ നൽകാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ